Reg. No.: ...............................

Name : ...................................

BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

M 2440

# I Semester B.A./B.Sc./B.Com./B.B.A./B.B.A. T.T.M./B.B.M./B.C.A./B.S.W./ B.A. Afsal Ul-Ulama Degree (CCSS – Reg./Supple./Improv.) Examination, November 2012
## COMMON COURSE IN MALAYALAM
## 1A07 MAL : സാഹിത്യ പഠനങ്ങൾ (For B.A./B.Sc.)
## (2010 & 2011 Admn.)

Time : 3 Hours

Max. Weightage : 30

I. ഏതെങ്കിലും **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും (മൂല്യം) വെയിറ്റേജ് **1**.

**(4×1=4 വെയിറ്റേജ്)**

1) a) ജി. ശങ്കരക്കുറുപ്പിന് ജ്ഞാനപീഠ പുരസ്കാരം നേടിക്കൊടുത്ത കാവ്യ സമാഹാരം ഏത് ?

b) 'ശ്രീ' എന്ന തൂലികാനാമം ഉപയോഗിച്ചിരുന്ന കവി ആര് ?

c) 'കൂറ്റൻമൃഗമതു താഴ്ത്തിയ മോന്തയോട് ' എൻ. വി. ഉപമിക്കുന്നതെന്തിനെയാണ് ?

d) 'അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ' എന്ന മന്ത്രവാക്യം ചൊല്ലിയ കവി ആരായിരുന്നു ?

2) a) അംബയിൽ ഭീഷ്മ വിരോധം വളർത്തിയതാര് ?

b) 'പെണ്ണെഴുത്ത് ' എന്നതിനു പകരം വയ്ക്കാവുന്ന ഒരു വാക്ക് ഏത് ?

c) പരിസ്ഥിതിയെ അടിസ്ഥാനമാക്കി സുഗതകുമാരി രചിച്ച ലേഖന സമാഹാരത്തിന്റെ പേരെന്ത് ?

d) 'വേദത്തിലേക്കു മടങ്ങുക' എന്ന മുദ്രാവാക്യവുമായി രംഗപ്രവേശം ചെയ്ത ഭാരതീയൻ ആര് ?

P.T.O.

3) a) മലയാളത്തിലെ ആദ്യത്തെ ''സ്ത്രീകഥാസമാഹാരം'' ഏത് ?

b) 'കിഴിഞ്ഞവൻ' എന്ന ബോധം വി.ടി.യിൽ നിന്നു ചോർന്നു പോയത് എപ്പോഴാണ് ?

c) വി. ടി. ആദ്യം കൂട്ടി വായിച്ച വാക്യം ഏത് ?

d) 'വളർന്നു വരുന്ന ഒരാത്മാവ്'' എന്ന പാഠ്യഭാഗം ഏതു കൃതിയിൽ നിന്നും എടുത്തതാണ് ?

4) a) അമേരിക്കയിലെ വളർത്തു പൂച്ചകൾ അത്ഭുത ജീവികളാണെന്ന ചിന്ത ഉണ്ടായതാർക്ക് ?

b) 'ഏതു ഫീൽഡിലായാലും ഹാർഡ്വർക്ക് ചെയ്തേ ഇവിടെ പിഴയ്ക്കാനാകൂ' – എവിടെ ?

c) 'ഓടക്കുഴൽ അവാർഡി'ന് അർഹമായ എം.ടി. കൃതി ഏത് ?

d) പൂച്ച ചാരനാണെന്ന് ബാലു ചിന്തിച്ചതെപ്പോൾ ?

5) a) വാക്കുകളുടെ മഹാബലിയായി കെ.ജി. ശങ്കരപ്പിള്ള കാണുന്ന കവി ആര് ?

b) ഭാരതപര്യടനം എന്ന കൃതി ആരുടേതാണ് ?

c) 'കാവുതീണ്ടല്ലേ' എന്ന് അപേക്ഷിക്കുന്നതാര് ?

d) 'കൊച്ചി നഗരത്തിലെ പുതിയ തറവാടുകളിൽ നിന്നു പുക ഉയരുന്നു.' തറവാട് ഏത് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''എങ്ങു മനുഷ്യനു ചങ്ങല കൈകളി –
ലങ്ങെൻ കയ്യുകൾ നൊന്തിടുകയാ ;
ണെങ്ങോ മർദ്ദനമവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു.''
ആശയം വിശദമാക്കുക.

7) 'എത്ര നിർ വികാരമി –
പ്പുതുതാം തലമുറ' – പുതുതലമുറയുടെ നിർവികാരതയുടെ ആഴം കണ്ടെത്തുക.

8) 'കാവു മുടിച്ചാൽ കിണറു വറ്റും' എന്നു ബോദ്ധ്യപ്പെട്ടതെങ്ങനെ ?

9) 'വെള്ളപ്പിനെ ആരാധിക്കുന്നതിൽ അടിമയുടെ അധമബോധമാണു പ്രവർത്തിക്കുന്നത് എന്തുകൊണ്ട് ?

10) ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കൊച്ചു പ്രതിച്ഛന്ദമാണ് യോഗക്ഷേമ പ്രസ്ഥാനം എന്ന തോന്നലിന്റെ അടിസ്ഥാനമെന്ത് ?

III. **നൂററമ്പതു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുന്നതിൽ ഹിന്ദുമതം വഹിച്ച പങ്കിനെക്കുറിച്ച് തായാട്ടു ശങ്കരന്റെ നിഗമനം വിശദമാക്കുക.

12) വീട്ടുവഴക്കുകളിൽ ഗ്രാമീണരും നാഗരികരും പ്രതികരിക്കുന്നതെങ്ങനെ ?

13) അംബയ്ക്ക് വിഷമാവസ്ഥകൾ വന്നുപെട്ടതെങ്ങനെ ?

14) 'പൊക്കിളിയൻ കാർണവർക്ക് 'ശ്രാദ്ധത്തിന്റെ ഓഹരി വിളമ്പുന്നത് മരക്കാപ്പിന്റെ ശീലമായ വഴി വിവരിക്കുക.

15) 'കൊച്ചിയിലെ വൃക്ഷങ്ങൾ'ക്ക് പൂർവ്വം നഷ്ടമായപ്പോൾ സംഭവിച്ച രൂപപരിണാമമെന്ത് ?

16) ''ശാസ്ത്രം ! എന്തൊരു വിഡ്ഢിത്തമാണത്.'' ഇങ്ങനെ എഴുതിത്തുടങ്ങാൻ രാജീവനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

17) 'കാവുതീണ്ടിയാൽ കുടിവെള്ളം മുട്ടും' എന്ന പഴമയുടെ പൊരുൾ വിശദീകരിക്കുക.

18) 'ഷെർലക്ക് ' എന്ന കഥ മലയാളകഥയുടെ പുതിയ മാനങ്ങൾ തുറക്കുകയാണ് '' – അപഗ്രഥിക്കുക.

19) 'മരക്കാപ്പിലെ തെയ്യങ്ങൾ'' പകരുന്ന ദേശചരിത്ര വഴി തെളിച്ചമാക്കുക.

20) 'കണ്ണീർപ്പാടം എന്ന കവിത സങ്കീർണ്ണവും സംഘർഷാത്മകവുമായ ജീവിത യാത്രയുടെ വൈചിത്രമാണ് വെളിപ്പെടുത്തുന്നത് ' – ചർച്ചചെയ്യുക.

---